# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/273/2017 2017 ഡിസംബർ 28

## പത്രക്കുറിപ്പ്

**കോളേജ് അഫിലിയേഷൻ അപേക്ഷകൾ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകൾക്കും സ്വാശ്രയ കോഴ്സുകൾക്കും 2018-19 അക്കാദമിക വർഷത്തിൽ തുടർ അഫിലിയേഷനുള്ള അപേക്ഷകൾ നിശ്ചിതഫീസ് സഹിതം 2018 ജനുവരി 10ന് മുമ്പായി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷാ തീയതി**

നാലാം സെമസ്റ്റർ (പുതിയ സ്കീം 2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷകൾ ജനുവരി 10ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 30 വരെയും 50 രൂപ പിഴയോടെ ജനുവരി 1 വരെയും 500 രൂപ സൂപ്പർഫൈനോടെ 2 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റിനായി അടയ്ക്കണം.

ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം, 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 10ന് ആരംഭിക്കും. സപ്ലിമെന്ററി വിദ്യാർത്ഥികളുടെ അപേക്ഷകൾ പിഴയില്ലാതെ ജനുവരി 1 വരെ സ്വീകരിക്കും.

മൂന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (2014 അഡ്മിഷൻ റഗുലർ/2009-2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 30ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (പുതിയ സ്കീം, 2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ജനുവരി 10ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 30 വരെയും 50 രൂപ പിഴയോടെ ജനുവരി 1 വരെയും 500 രൂപ സൂപ്പർഫൈനോടെ 2 വരെയും സ്വീകരിക്കും.

**വൈവാവോസി**

2017 നവംബറിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്, 2015ന് മുമ്പുള്ള അഡ്മിഷൻ, റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ വൈവാവോസി ജനുവരി 10 മുതൽ 15 വരെ എറണാകുളം ഗവ. ലോ കോളേജിൽവച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്.സി. ബയോ സ്റ്റാറ്റിസ്റ്റിക്സ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 11 വരെ അപേക്ഷിക്കാം.

2015 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എം.എച്ച്. മേഴ്സി ചാൻസ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എം.എച്ച്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ അപേക്ഷിക്കാം. കുട്ടിക്കാനം മരിയൻ കോളേജിലെ എബിമോൻ എം.എസ്., ജയ്സൺ ജയിംസ്, ജിം ജോർജ് കുര്യൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്) റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഇൻഫർമേഷൻ ടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 6 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ വൈജയന്തി പി.എസ്., ലയ പി.കെ. എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 10 വരെ അപേക്ഷിക്കാം.

**എം.ബി.എ. ഉത്തരക്കടലാസുകൾ**

2017 നവംബർ/ഡിസംബർ മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി ബന്ധപ്പെട്ട കോളേജുകളിൽ നിന്നും ഡിസംബർ 30നുള്ളിൽ സർവ്വകലാശാലാ സിൽവർജൂബിലി പരീക്ഷാഭവനിലെ മൂല്യനിർണ്ണയക്യാമ്പിൽ എത്തിക്കേണ്ടതാണ്.

**പരീക്ഷാകലണ്ടർ യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2018ലെ പരീക്ഷാകലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ അനദ്ധ്യാപക സംഘടനാ ഭാരവാഹികളുടെ യോഗം ഇന്ന് (ഡിസംബർ 29) രാവിലെ 10 മണിക്കും അദ്ധ്യാപക സംഘടനാ ഭാരവാഹികളുടെ യോഗം രാവിലെ 11.30നും വിദ്യാർത്ഥി സംഘടനാ ഭാരവാഹികളുടെ യോഗം ഉച്ച കഴിഞ്ഞ് 2 മണിക്കും സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**